## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ: 1972

08.03.2018 ലെ മറുപടിയ്ക്ക്

### മുക്കം സബ്ട്രഷറിയുടെ മാറ്റം

**ചോദ്യം**

ശ്രീ.ജോർജ് എം. തോമസ്

**ഉത്തരം**

ഡോ. റ്റി.എം. തോമസ് ഐസക്

ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | മുക്കം മിനി സിവിൽ സ്റ്റേഷനിൽ സ്ഥലം ലഭ്യമായിട്ടും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മുക്കം സബ് ട്രഷറി അവിടേക്കു മാറ്റി സ്ഥാപിക്കാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ; | മുക്കം മിനി സിവിൽ സ്റ്റേഷനിൽ സബ് ട്രഷറിക്കായി സ്ഥലം അനുവദിച്ച് കിട്ടിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് ട്രഷറിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനായി ക്യാബിൻ, കൗണ്ടർ, കസ്റ്റമർ ലോഞ്ച്, നെറ്റ് വർക്ക് കേബ്ലിംഗ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. ഇപ്പറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള സിവിൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് പ്രവർത്തികൾ സംസ്ഥാന പൊതുമരാമത്ത് വകുപ്പ് ചെയ്തു കൊണ്ടിരിക്കുകയാണ്. ട്രഷറിക്കാവശ്യമായ മേൽപ്പറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയ ശേഷം ട്രഷറിയുടെ പ്രവർത്തനം സിവിൽ സ്റ്റേഷൻ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതാണ്. |
| (ബി) | മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിൽ ഈ സബ് ട്രഷറി എന്നു മുതൽ പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ? | |

അക്കൗണ്ട്സ് ഓഫീസർ